**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1865 | 11.02.2013 ൽ മറുപടിയ്ക്ക് |
| --- | --- |
| **അംഗനവാടി നിർമ്മാണവും പുനർനിർമ്മാണവും** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ജോസ് തെറ്റയിൽ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. സ്കീംപ്രകാരം അംഗനവാടികൾ നിർമ്മിക്കുവാനും/ പുനർനിർമ്മിക്കുവാനുമുള്ള പ്രൊപ്പോസലിൽ, സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ), (ബി) & (സി) സാമൂഹ്യനീതി വകുപ്പിൽ നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും കാലപഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായതുമായ 700 അംഗൻവാടികളുടെ പുനർനിർമ്മാണത്തിന് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒരോ അംഗൻവാടിക്കും ലഭ്യമായ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, ഗ്രാമപഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ബന്ധപ്പെട്ട എം.എൽ.എ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളു. ആയതിനുള്ള നടപടികൾ പൂർത്തിയാക്കി നബാർഡ് സഹായം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും. |
| (ബി) അങ്കമാലി നിയോജകമണ്ഡലത്തിൽനിന്നും ഇത് സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | |
| (സി) ഇത്, എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ